Bishop George Rajendran sdb
Diocese of Thuckalay

Pastoral letter No/GR/55/2026 **15.07.2026**

ഇടയലേഖനം

ഈശോ മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

ഭാരത സഭയിലെ പ്രഥമ വിശുദ്ധ, കേരള സഭയുടെ പുണ്യപുഷ്പം വിശുദ്ധ അൽഫോൻസാമ്മ, ലോകപ്രശസ്തയാക്കുന്ന നേട്ടങ്ങളോ സ്ഥാനമാനങ്ങളോ ഒന്നുമില്ലാതെ ജീവിച്ച ഈ കൊച്ചു സഹോദരി ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്നവളാണ്. സഹനത്തിന്റെ ശരശയ്യയിൽ സ്നേഹത്തിന്റെ ഗീതം പാടിയ അൽഫോൻസ, സഹനത്തിന് നവ്യ ഭാഷ്യം നൽകി. ഭരണങ്ങാനം ക്ലാരമഠത്തിന്റെ കൽഭിത്തികൾക്കുള്ളിൽ നിന്ന് ആ പുണ്യ സൗരഭ്യം ദിഗന്തങ്ങളിലേക്ക് ഒഴുകി. ജൂലൈ 28 ന് അൽഫോൻസാമ്മയുടെ തിരുനാൾ തിരുസഭ ആഘോഷിക്കുന്നു. മരണം ആ ജീവിതത്തിന്റെ അന്ത്യമായിരുന്നില്ല, വിനീതഹൃദയരെ ഉയർത്തുന്ന ദൈവം ആ ജീവിതത്തെ മഹത്വപ്പെടുത്തി. ഒരു ചിറകടി ശബ്ദം പോലും കേൾപ്പിക്കാതെ ആ കന്യക ഈ ലോകം വിട്ട് യാത്രയായി. അവളുടെ സംസ്കാര ചടങ്ങുകൾ സാധാരണവും അനാഡംബരവും ആയിരുന്നു. എന്നാൽ, അവളുടെ മരണാനന്തരം ഉണ്ടായ സംഭവങ്ങൾ ഓരോന്നും അനിതര സാധാരണങ്ങളായിരുന്നു.

1910 ഓഗസ്റ്റ് 19 ന് ചരിത്രപ്രസിദ്ധമായ കുടമാളൂർ ഗ്രാമത്തിൽ മുട്ടത്തു പാടത്ത് ഔസേപ്പിന്റെയും, മറിയത്തിന്റെയും നാലാമത്തെ സന്താനമായി അന്നക്കുട്ടി ജനിച്ചു. ആരെയും ആകർഷിക്കുന്ന രൂപ ലാവണ്യവും ആത്മനൈർമ്മല്യവും അസാധാരണ ബുദ്ധിശക്തിയും ഒത്തുചേർന്ന ആ സുന്ദര കുസുമത്തിൽ തേൻ എന്നപോലെ സുഹൃദങ്ങളും അലങ്കാരമായി. സാധുക്കളോടുള്ള സ്നേഹം, പ്രാർത്ഥന, കൂദാശകളുടെ സ്വീകരണം, ഉപവാസം, വിശുദ്ധരുടെ ജീവചരിത്ര പാരായണം, തുടങ്ങിയവയിലൂടെ ആ കുടുംബാന്തരീക്ഷം പിന്നീട് അൽഫോൻസയായി മാറിയ അന്നക്കുട്ടിയിൽ ദൈവസ്നേഹത്തിന്റെ വിത്തുകൾ മുളപ്പിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ വിശുദ്ധരാകാൻ നമ്മുടെ കുടുംബാന്തരീക്ഷം വിശുദ്ധമാകണം, ദൈവസ്നേഹത്തിന്റെയും, പരസ്നേഹത്തിന്റെയും അടിത്തറയിൽ നമ്മുടെ കുടുംബങ്ങൾ കൂടുതൽ ഉറപ്പിക്കുക എന്നത് ഇന്നിന്റെ ആവശ്യമാണ്.

ചെറുപ്പത്തിലെ അമ്മ നഷ്ടപ്പെട്ട അന്നക്കുട്ടിക്ക് ജീവിതം എളുപ്പമായിരുന്നില്ല. എന്നാൽ, ആ ദുഃഖങ്ങളും പ്രയാസങ്ങളും അവളെ തളർത്തിയില്ല, മറിച്ച് ദൈവത്തോടുള്ള അടുപ്പം വർദ്ധിപ്പിക്കുവാൻ അവളെ സഹായിച്ചു. പ്രാർത്ഥനയും വിശ്വാസവും അവളുടെ ജീവിതത്തിന്റെ അടിസ്ഥാനമായി മാറി. ദൈവം തന്ന സൗന്ദര്യം ദൈവത്തിന് തന്നെ തിരിച്ചു നൽകണം എന്ന അഭിപ്രായക്കാരിയായിരുന്നു അവൾ. നശ്വരമായതിനെ വിട്ട് അനശ്വരമായതിനെ തേടണമെന്ന അന്തരാത്മാവിന്റെ നിമന്ത്രണങ്ങൾ, തന്റെ ജീവിതത്തിൽ വന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ അവളെ ധീരയാക്കി. നിരവധി എതിർപ്പുകൾ നേരിട്ടെങ്കിലും തന്റെ ദൈവവിളിയിൽ നിന്ന് അവൾ ഒരിക്കലും പിന്നോട്ട് പോയില്ല. "പാവപ്പെട്ട അന്നക്കുട്ടി" തന്റെ ജീവിതാഭിലാഷം പോലെ തന്നെ

"പാവപ്പെട്ട ക്ലാര" സഭയിൽ ചേർന്നു. ദൈവവഴികൾ നിഗൂഢം തന്നെ എന്ന് വിളിച്ചോതുന്ന ചരിത്ര സാക്ഷ്യമാണ് വിശുദ്ധ അൽഫോൻസാമ്മയും അവളുടെ സന്യാസ സമർപ്പണവും.

ശാരീരിക രോഗത്തിന്റെ സഹനങ്ങളും മാനസിക വേദനകളും അൽഫോൻസാമ്മയെ ക്രൂശിതന്റെ ഉത്തമ മണവാട്ടിയാക്കി മാറ്റി. അവളുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ, ഗോതമ്പ്മണി ഇടിഞ്ഞ് നുറുങ്ങി കുർബാനയ്ക്കുള്ള വിശുദ്ധ അപ്പമാകുന്നത് പോലെ, മുന്തിരി ചക്കിലിട്ട് ആട്ടി വീഞ്ഞാക്കുന്നത് പോലെ, അവളുടെ ജീവിതം സഹനത്തിലൂടെ ശുദ്ധീകരിക്കപ്പെട്ട് കറ കളഞ്ഞ വൈഡൂര്യമായി മാറി.

റോസാ ചെടിയുടെ ചുവട്ടിൽ അഴുകി വീഴുന്ന വട്ടയിലയാകാൻ ആഗ്രഹിച്ച ആ പാവപ്പെട്ട കന്യാസ്ത്രീ ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന വിശുദ്ധയാണു. ക്രൂശിതനോടുള്ള സ്നേഹത്തിലൂടെ കുരിശുകളെ സ്നേഹിക്കാൻ അവൾ പഠിച്ചു. ഉറക്കമില്ലാത്ത വേദനയുടെ രാത്രികളെ സ്നേഹിക്കാനുള്ള അവസരങ്ങൾ ആക്കി മാറ്റിയ മനോഹര ജീവിതം.

ജീവിതത്തിലുടനീളം പലവിധ രോഗങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും അവൾ അനുഭവിച്ചു. പലപ്പോഴും കിടപ്പിലായിരുന്നിട്ടും അവൾ ഒരിക്കലും പരാതിപ്പെട്ടില്ല. എല്ലാ വേദനകളും കഷ്ടപ്പാടുകളും ക്രിസ്തുവിന്റെ കുരിശിനോട് ചേർത്ത് ദൈവത്തിന് സമർപ്പിച്ചു. "സഹനം വിശുദ്ധിയിലേക്കുള്ള വഴിയാണ്" എന്ന് തന്റെ ജീവിതത്തിലൂടെ അവൾ ലോകത്തെ പഠിപ്പിച്ചു. ദൈവം അനുവദിക്കുന്ന ഓരോ അനുഭവത്തിനും ഒരു അർത്ഥമുണ്ടെന്നും, വിശ്വാസത്തോടെ അതിനെ സ്വീകരിക്കുമ്പോൾ അത് കൃപയുടെ മാർഗ്ഗമായി മാറുമെന്നും അവൾ തെളിയിച്ചു.

പ്രാർത്ഥനയിൽ അവൾ ദൈവവുമായി നിരന്തരം ഐക്യപ്പെട്ടു. വിനയത്തിൽ അവൾ എല്ലാവർക്കും മാതൃകയായി. ത്യാഗത്തിലൂടെ അവൾ ക്രിസ്തുവിന്റെ വഴിയിൽ നടക്കുകയും സ്നേഹത്തിലൂടെ അനേകരുടെ ഹൃദയങ്ങളെ സ്പർശിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഇന്നും ലക്ഷക്കണക്കിന് വിശ്വാസികൾ അവളെ സ്നേഹത്തോടെയും ഭക്തിയോടെയും അനുസ്മരിക്കുന്നു.

അൽഫോൻസാമ്മ പലപ്പോഴും പറഞ്ഞിട്ടുള്ളത് പോലെ ബലം കുറഞ്ഞ ഒരു പക്ഷി എന്ന വിധം അവളുടെ ആത്മാവ് 1946 ജൂലൈ 28 ന് ഉണ്ടായ ഒരു പാരവശ്യത്തോടെ ശാന്തമായി സ്വസ്ഥമായി സ്വർഗീയ പിതാവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. അൽഫോൻസാമ്മയുടെ സുകൃത ജീവിതത്തിന്റെ സുഗന്ധം ആദ്യം തിരിച്ചറിഞ്ഞത് കുട്ടികളായിരുന്നു. അവളുടെ മധ്യസ്ഥതയിൽ ധാരാളം കുട്ടികൾ പരീക്ഷകളിൽ വിജയം വരിച്ചു. ഈ വിവരം അറിഞ്ഞ് അൽഫോൻസാമ്മയുടെ മാധ്യസ്ഥ്യം തേടി അനേകർ ഭരണങ്ങാനത്ത് അവളുടെ കബറിടത്തിങ്കലെത്തി. അത്ഭുതങ്ങളും രോഗശാന്തികളും ഭരണങ്ങാനത്തെ ഭാരതത്തിന്റെ ലിസ്യൂ ആക്കി മാറ്റി. അൽഫോൻസാമ്മയുടെ മരണശേഷം 40 വർഷങ്ങൾ പിന്നിട്ടപ്പോൾ 1986 ഫെബ്രുവരി എട്ടാം തീയതി കോട്ടയത്ത് വെച്ച് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2008 ഒക്ടോബർ 12ന് ഭാരത മാതാവിന്റെ ഈ പ്രഥമ വിശുദ്ധ യുടെ കീർത്തനങ്ങൾ റോമിലെ സെന്റ് പീറ്റേഴ്സ് ബസ്സിലിക്കയിൽ മുഴങ്ങി, പരി. പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി.

ഈ വർഷം നാഗർകോവിൽ വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദേവാലയത്തിൽ ഒമ്പതുനാൾ നൊവേന ഭക്തിപൂർവ്വം നടക്കുകയാണ്. അനേകം വിശ്വാസികൾ വിശുദ്ധ അൽഫോൻസാമ്മയുടെ മാധ്യസ്ഥം തേടി ഈ വിശുദ്ധ ദിനങ്ങളിൽ

പ്രാർത്ഥനയിലും ഭക്തിയിലും പങ്കുചേരുന്നു. നൊവേന ദിനങ്ങൾ വിശ്വാസം പുതുക്കുന്നതിനും ആത്മീയജീവിതം ശക്തിപ്പെടുത്തുന്നതിനും ദൈവകൃപ സ്വീകരിക്കുന്നതിനുമുള്ള അനുഗൃഹീത അവസരങ്ങളാണ്.

അനുഗ്രഹീതമായ ഈ നല്ല ദിനങ്ങളിലൂടെ കടന്നു പോകുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ പ്രാർത്ഥനയോടെയും നന്ദിയോടെയും തെളിഞ്ഞുനില്ക്കുന്ന, കണ്ണീർ കലർന്ന ഒരു ഓർമ്മയാണ്, ബഹുമാനപ്പെട്ട തോമസ് പൗവ്വത്ത് പറമ്പിൽ അച്ചൻ. അദ്ദേഹത്തിന്റെ വിയോഗംമൂലമുണ്ടായ ഈ അസാന്നിധ്യം നാഗർകോവിലിലെ തീർത്ഥാടന കേന്ദ്രത്തിന്, ഇവിടെ വരുന്ന ഭക്ത ജനങ്ങൾക്ക്, നികത്താനാവാത്ത ഒരു വിടവായിരിക്കുന്നു. അൽഫോൻസാമ്മയുടെ ഒരു അരുമ സന്താനമായാണ് ആ വന്ദ്യ പുരോഹിതൻ നമ്മുടെ ഇടയിൽ ജീവിച്ച്, കടന്നുപോയത്. വിശുദ്ധ അൽഫോൻസാമ്മയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ഭക്തിയും എല്ലാവർക്കും സുപരിചിതമായിരുന്നു. എന്നാൽ അത് കേവലം ഒരു ഭക്തി മാത്രമായിരുന്നില്ല, മറിച്ച് ഒരു ജീവിതശൈലിയുടെ ആവർത്തനമായിരുന്നു എന്ന്, അച്ചന്റെ ജീവിതം തന്നെ സാക്ഷ്യപ്പെടുത്തുന്നു. തൻ്റെ ജീവിതത്തിലും ശുശ്രൂഷയിലും അൽഫോൻസിയൻ ആത്മീയത പ്രതിഫലിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു.

അനേകർ അദ്ദേഹത്തിലൂടെ അൽഫോൻസാമ്മയുടെ മാധ്യസ്ഥ ശക്തി അനുഭവിച്ചറിയാനും അതുവഴി ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയായി. പ്രാർത്ഥനയിലും ശുശ്രൂഷയിലും ഭക്തജനങ്ങളോടുള്ള സമീപനത്തിലും അച്ചന്റെ ആത്മീയത വ്യക്തമായിരുന്നു. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതസന്ദേശം ജനങ്ങളിലേക്ക് എത്തിക്കുവാൻ അച്ചൻ വലിയ ശ്രദ്ധ പുലർത്തിയിരുന്നു.

വിശ്വാസികൾക്ക് പ്രാർത്ഥനയുടെ പ്രാധാന്യവും സഹനത്തിന്റെ മൂല്യവും അച്ചൻ തന്റെ ജീവിതത്തിലൂടെ പഠിപ്പിച്ചു. ദേവാലയത്തിന്റെ വളർച്ചയ്ക്കും വിശ്വാസികളുടെ ആത്മീയ ഉണർവിനുമായി അച്ചൻ നടത്തിയ സേവനങ്ങൾ ഒരിക്കലും മറക്കുവാൻ കഴിയില്ല.

അച്ചന്റെ നേതൃത്വത്തിലും പ്രോത്സാഹനത്തിലും ഈ തീർത്ഥാടനകേന്ദ്രം അനേകം വിശ്വാസികളുടെ ആത്മീയ ആശ്രയകേന്ദ്രമായി വളർന്നു. പ്രാർത്ഥനയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും വിശ്വാസികളോടുള്ള കരുതലും എല്ലാവരുടെയും ഹൃദയങ്ങളിൽ ഇന്നും സജീവമാണ്. അദ്ദേഹത്തിന്റെ ഭൗതിക സാന്നിധ്യം ഇന്ന് നമ്മോടൊപ്പമില്ലെങ്കിലും അദ്ദേഹത്തിന്റെ സേവനപാരമ്പര്യവും ആത്മീയസമ്പത്തും എന്നും നിലനിൽക്കും. ഈ നൊവേന ദിനങ്ങളിൽ വിശുദ്ധ അൽഫോൻസാമ്മയുടെ മാധ്യസ്ഥം അപേക്ഷിക്കുന്നതോടൊപ്പം ഫാ. തോമസ് പൗവത്തുപറമ്പിൽ അച്ചനെ നന്ദിയോടെ അനുസ്മരിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നമ്മുടെ ഇടവകകളിൽ പതിവായി ചൊല്ലിവരുന്ന വിശുദ്ധ അൽഫോൻസാമ്മയുടെ ഒൻപതുനാൾ നൊവേന ഈ വർഷവും ഭക്തിപൂർവ്വം ഒൻപത് ദിവസവും നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. ജൂലൈ 25-ാം തീയതി, ശനിയാഴ്ച, തക്കല രൂപത യുവജനങ്ങളുടെ നേതൃത്വത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുസന്നിധിയിലേക്കുള്ള തീർത്ഥാടനം സംഘടിപ്പിച്ചിരിക്കുന്നു. ഈ തീർത്ഥാടനത്തിൽ ധാരാളം വിശ്വാസികൾ ഭക്തിപൂർവ്വം പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ആഗസ്റ്റ് 2, 2026 ഞായറാഴ്ച നടക്കുന്ന തിരുനാളിന്റെ സമാപനദിനം തക്കല രൂപതയുടെ രൂപതാ തീർത്ഥാടന ദിനമായി നാം ആചരിക്കുന്നു. അതിനാൽ അന്നേദിവസം എല്ലാ വൈദികരും സന്യസ്തരും സമർപ്പിതരും ദൈവജനവും പങ്കുചേർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ

മാധ്യസ്ഥ്യം വഴി സമൃദ്ധമായ ദൈവകൃപകൾ സ്വീകരിക്കുവാൻ ഞാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

പ്രിയപ്പെട്ടവരേ, വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം ഇന്നും നമുക്ക് വലിയൊരു വെല്ലുവിളിയാണ്. സുഖവും സൗകര്യവും മാത്രം അന്വേഷിക്കുന്ന ലോകത്തിൽ, സഹനത്തിന്റെയും സമർപ്പണത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതം നയിക്കാൻ അവൾ നമ്മെ ക്ഷണിക്കുന്നു. കുടുംബജീവിതത്തിലും തൊഴിൽമേഖലയിലും സാമൂഹികബന്ധങ്ങളിലും നേരിടുന്ന ബുദ്ധിമുട്ടുകളെ വിശ്വാസത്തോടെ ഏറ്റെടുക്കാൻ അവളുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു. ദൈവത്തോടുള്ള സ്നേഹവും അയൽക്കാരോടുള്ള കരുണയും വളർത്തുവാൻ അവൾ നമ്മെ പഠിപ്പിക്കുന്നു. അവളുടെ മാധ്യസ്ഥം നമ്മുടെ രൂപതയ്ക്കും, കുടുംബങ്ങൾക്കും ദേവാലയത്തിനും സമൂഹത്തിനും സമൃദ്ധമായ അനുഗ്രഹങ്ങൾ നേടിത്തരട്ടെ.

മാർ ജോർജ് രാജേന്ദ്രൻ SDB
തക്കല രൂപതയുടെ മെത്രാൻ

(19 July 2026 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും കുർബാനയ്ക്കുളളടയിൽ വായിക്കുവാൻ വേണ്ടി നൽകപ്പെടുന്നത്)

Chancery : diocesethuckalay@gmail.com
Mission Procure : thuckalaymission@gmail.com
: www.thuckalaydiocese.org
Reception +91 94426 14118
Bishop's Secretary +91 90036 06855